## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3812

15.05.2017 ൽ
മറുപടിയ്ക്ക്

## ലാന്റ് ട്രിബ്യൂണൽ ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര ലാന്റ് ട്രിബ്യൂണൽ ഓഫീസുകൾ ഉണ്ട്; വിശദവിവരം നൽകാമോ; | (എ) കേരളത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലായി 17 ലാന്റ് ട്രിബ്യൂണലുകൾ ഉണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ചേർത്തല, തൊടുപുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഒറ്റപ്പാലം, തിരൂർ, മഞ്ചേരി, കോഴിക്കോട്, മാനന്തവാടി, പയ്യന്നൂർ, കൂത്തുപറമ്പ്, കാസർഗോഡ്. |
| (ബി) ലാന്റ് ട്രിബ്യൂണലുകളിൽ പട്ടയം സംബന്ധമായ അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം എന്നും അറിയിക്കാമോ? | (സി) 30.09.2016-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 17 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും 30.12.2016 വരെ തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു. ആയതു പ്രകാരം 92211 കേസുകൾ തീർപ്പാക്കുവാനുണ്ടായിരുന്നതിൽ 4774 കേസുകൾ 30.12.16 വരെ തീർപ്പാക്കിയിട്ടുണ്ട്. തുടർന്ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ |

നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുകയും തീർപ്പാക്കേണ്ടുന്ന കേസുകളുടെ എണ്ണം നിശ്ചയിച്ച് നൽകുകയും ചെയ്തുവരുന്നു. 2017 ജനുവരി മുതൽ ഏപ്രിൽ വരെ 4564 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ട്രിബ്യൂണൽ ഓഫീസുകളിലെ കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് പരിശീലന ക്ലാസ് നൽകിവരുന്നു. ലാൻഡ് റിഫോംസ് ഹെഡിൽ നിന്നും ശമ്പളം വാങ്ങുന്നവർക്ക് മറ്റ് ജോലികൾ അസൈൻ ചെയ്തുകൊടുക്കാൻ പാടില്ലാത്തതും, കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ലാൻഡ് ട്രിബ്യൂണൽ തഹസിൽദാർമാർ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ടി ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പു കല്പിക്കുന്നതിന് 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി 17.01.2017 ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

Sindhya

സെക്ഷൻ ഓഫീസർ